# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 18/02/2020

## കാപ്പ പ്രതിയും കൂട്ടാളിയും കോടതിയിൽ കീഴടങ്ങി



മനു@കുക്കു (27)



പ്രദീപ് @ പാക്കരൻ ഉണ്ണി

കൊല്ലം : കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ ഓച്ചിറ വില്ലേജിൽ മേമന മുറിയിൽ ലക്ഷ്മി ഭവനം വീട്ടിൽ ശ്രീധരൻ പള്ള മകൻ 27 വയസുള്ള കുക്കു എന്നറിയപ്പെടുന്ന മനു, 18.02.2020 കരുനാഗപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കീഴടങ്ങി. ഇയാൾക്കെതിരെ 2020 ജനുവരി 16 ന് കൊല്ലം ജില്ലാ കളക്ടർ കാപ്പ നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ ഉത്തരവിട്ടിരുന്നതാണ്. തുടർന്ന് ഒളിവിൽ പോയ പ്രതിയെ അറസ്റ്റ് ചെയ്യുന്നതിന് പോലീസ് ഊർജ്ജിത ശ്രമം നടത്തി വരികയായിരുന്നു. അതിനിടയിലാണ് പ്രതി കോടതിയിൽ കീഴടങ്ങിയത്. ഇയാൾക്ക് എതിരെ ഓച്ചിറ കരുനാഗപ്പള്ളി, കായംകുളം വള്ളികുന്നം എന്നീ പോലീസ് സ്റ്റേഷനുകളിലായി അടിപിടി, തട്ടിക്കൊണ്ടുപോകൽ, അബ്കാരി, നരഹത്യാശ്രമം തുടങ്ങി പതിമൂന്നോളം കേസുകൾ നിലവിലുണ്ട്. കരുനാഗപ്പള്ളിയിലും പരിസരത്തുമുള്ള ഗുണ്ടാസംഘങ്ങൾക്കെതിരെ പോലീസ് കർശന നടപടി എടുക്കുന്നതിന്റെ ഭാഗമായാണ് ഇയാൾക്കെതിരെ കാപ്പ നിയമപ്രകാരം നടപടി സ്വീകരിച്ചത്. 6 മാസം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ ഉത്തരവും ഇതോടൊപ്പം നടപ്പിലാക്കും. മനുവിനോടൊപ്പം കീഴടങ്ങിയ തഴവ തെക്കുമുറി ബികെ ഭവനിൽ ഭാസ്ക്കരൻ മകൻ പാക്കരൻ ഉണ്ണി എന്ന് വിളിക്കപ്പെടുന്ന 28 വയസുള്ള പ്രദീപ് ഗുണ്ടാപ്രവർത്തനങ്ങളിൽ മനുവിന്റെ സഹായിയാണ്. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലെ അബ്കാരി കേസിൽ രണ്ടുപേരും കൂട്ടുപ്രതികളാണ്. കീഴടങ്ങിയ പ്രതികളെ കോടതി റിമാന്റ് ചെയ്തിട്ടുള്ളതാണ്.